**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **17-09-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; വിശദമാക്കാമോ? | (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസറഗോഡ് വികസന പാക്കേജിൽ നിന്ന് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ഹാർബർ എഞ്ചിനിയറിങ് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. ടെണ്ടർ നടപടിയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ വ്യവസായ എസ്റ്റേറ്റിലെ ഭൂമി വ്യവസായ ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതിനായി നിരപ്പാക്കി എടുക്കുന്നതിന്, മെ. കേരള ക്ലെയ്സ് & സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ 32 വ്യവസായ സംരംഭങ്ങൾക്കായി 55.87 ഏക്കർ ഭൂമി അനുവദിക്കുകയും അവയിൽ 14 യൂണിറ്റുകൾക്കായി ഏകദേശം 25 ഏക്കർ ഭൂമി അളന്നു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ